6/01/22

സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ CP.No.598(5)/18/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 7551/SIC-G7/2018**

**സന്നിഹിത**

**ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ഉത്തരവ് തീയതി: 10.12.2021

**ശ്രീ. ഷെം.പി.ഐസക്,**
S/o റവ.ഐസക്, ഷെൽട്ടർ, പുഞ്ചിരിയകം,
ചിറ്റാഴ, വട്ടപ്പാറ, തിരുവനന്തപുരം. — പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം - 14. — എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷ തീയതി | 28.05.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | Nil |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | Nil |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | Nil |
| ഹിയറിംഗ് തീയതി, സ്ഥലം | 09.08.2021, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: | |
| പരാതി ഹർജിക്കാരൻ | ഹാജരായിരുന്നു |
| എതിർകക്ഷി | ഹാജരായിരുന്നു |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പ് പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ.ഷെം.പി.ഐസക് സമർപ്പിച്ച പരാതി ഹർജി 18.07.2018-ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP No.598(5)/18/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2 പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയില്ലെന്നും ആയതിനാൽ കൃത്യമായ മറുപടി ലഭ്യമാക്കണമെന്നുമാണ്

3. വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരം പരാതി ഹർജിക്കാരൻ 28.05.2018-ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിന്മേൽ ആവശ്യപ്പെട്ടിരുന്നത്, ടിയാൻ 28.03.2018 ൽ മിസിസ്സ് ഷെർളി ജോണിനെതിരെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിച്ച പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചു, ടി പരാതിയിന്മേൽ പരാതിക്കാരിയ്ക്ക് നോട്ടീസ് നൽകുകയോ മറുപടി നൽകുകയോ ചെയ്തോ; ഉണ്ടെങ്കിൽ എല്ലാ കത്തിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കുക, ടി പരാതിയിന്മേൽ സ്കൂൾ മാനേജ്മെന്റിനോ ഗവൺമെന്റിനോ മറ്റെവിടെയെങ്കിലുമോ കത്തിടപാടുകൾ നടത്തിയിട്ടുണ്ടോ, എല്ലാ കത്തിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കുക തുടങ്ങിയ വിവരങ്ങളായിരുന്നു.

4. തുടർന്ന് കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കാൻ നിശ്ചയിച്ചതനുസരിച്ച് 09.08.2021 ൽ ഹിയറിംഗ് പോസ്റ്റ് ചെയ്യുകയും ടെലഫോൺ മുഖാന്തിരം നടന്ന നേർവിചാരണയിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും (എസ്.പി.ഐ.ഒ) പരാതി ഹർജിക്കാരനും ഹാജരാകുകയും ചെയ്തു.

5. ഈ പരാതി ഹർജി സംബന്ധിച്ച് എസ്.പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയും റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി. പരാതി ഹർജിക്കാരൻ 28.05.2018 തീയതിയിൽ സമർപ്പിച്ച പരാതി ഫയൽ നം.വി.എ2/26216/2018/ഡി.പി.ഐ പ്രകാരം തീർപ്പാക്കി 09.04.2018 തീയതിയിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാനുള്ള നിർദ്ദേശം സഹിതം തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയത് പ്രകാരം 18.08.2021 ലെ ബി1/3777/2021/ഡിജിഇ/കെ.ഡിസ് നമ്പരായി ലഭ്യമായ വിവരങ്ങൾ നൽകിയിട്ടുണ്ടെന്ന് എസ്.പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട യാതൊരു

വിവരവും ലഭ്യമായിട്ടില്ലെന്ന് പരാതിഹർജിക്കാരൻ മൊഴി നൽകുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ അപ്പീൽ ഹർജിക്കാരന് വിവരം ലഭ്യമായിട്ടില്ലെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ആയതിനാൽ വിവരാവകാശ അപേക്ഷപ്രകാരം ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതും, ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടുവെന്ന് എസ്.പി.ഐ.ഒ നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകേണ്ടതാണെന്നും എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഈ പരാതി ഹർജി ഇന്നേദിവസം 2021 ഡിസംബർ മാസം 10-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ഫിനാൻസ് എക്സ്പേർട്ട്**

Jn